പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6141

10.07.2012 ൽ മറുപടിയ്ക്ക്

## കൃഷിക്കാരന് ന്യായവിലയ്ക്ക് വളം

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

മറുപടി

ശ്രീ. കെ.പി. മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| കൃഷിക്കാരന് ന്യായവിലക്ക് വളം ലഭ്യമാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കാമോ? | കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ കാർഷിക പദ്ധതികളിൽ ഉല്പാദനോപാധികളിൽ ഉൾപ്പെടുത്തി 50% മുതൽ 100% വരെ സബ്സിഡിയിൽ രാസവളം കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ നെൽകൃഷിക്കായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിലെല്ലാം ഉത്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് സബ്സിഡി നൽകുന്നുണ്ട്. തെങ്ങ് കൃഷി വികസനത്തിനായി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതി നടപ്പിലാക്കുന്ന തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ കേരകർഷകർക്ക് 100% സബ്സിഡി നിരക്കിൽ രാസവളം നൽകുന്നുണ്ട്. പച്ചക്കറി, കിഴങ്ങു വർഗ്ഗ വിളകൾ എന്നിവയുടെ പ്രോത്സാഹനത്തിനും കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇവ കൂടാതെ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളിലും ഉല്പാദനോപാദികളിൽ ഉൾപ്പെടുത്തി രാസവളത്തിന് സബ്സിഡി നൽകുന്നുണ്ട്. കൂടാതെ 8.11.11 മുതൽ സർക്കാർ വിതരണം ചെയ്യുന്ന വളങ്ങളെ VAT നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>കൂടാതെ രാസവളത്തിന്റെ വിലവർദ്ധനവ് കണക്കിലെടുത്ത് നെൽകൃഷിക്കാർക്ക് ഇപ്പോൾ നൽകി വരുന്ന പ്രൊഡക്ഷൻ സബ്സിഡി ഹെക്ടറിന് |

1500/-രൂപ എന്നത് 3000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും അതിനുപുറമെ ഹെക്ടറിന് 1000/- രൂപ പ്രത്യേക സബ്സിഡിയായി അനുവദിച്ചുകൊണ്ടും (ആകെ 4000/- രൂപ), വാഴക്കൃഷിക്ക് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ നൽകിവരുന്ന സബ്സിഡിക്കുപുറമെ ഹെക്ടറിന് 1000/-രൂപ പ്രത്യേക സബ്സിഡിയായും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ